'ഭരണഭാഷ - മാതൃഭാഷ'

# പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയം

4-ാം നില, വികാസ് ഭവൻ, തിരുവനന്തപുരം. 695 033.
ഫോൺ: 0471-2304594, 0471-2303229. ഫാക്സ്: 0471-2302990. ഇ-മെയിൽ: keralatribes@gmail.com

**നമ്പർ: ഇ4-8825/23** **തീയതി : 04.07.2023**

## വിജ്ഞാപനം

**കമ്മിറ്റഡ് സോഷ്യൽ വർക്കർമാരുടെ കരാർ നിയമനം**

**അപേക്ഷ ക്ഷണിക്കുന്നു**

പട്ടികവർഗ വികസന പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും പട്ടികവർഗക്കാർക്കുള്ള ആനുകൂല്യങ്ങൾ യഥാസമയം അവർക്ക് ലഭിക്കുന്നു എന്ന് ഉറപ്പ് വരുത്തുന്നതിനുമായി സോഷ്യൽ വർക്കർമാരായി MSW/MA Sociology/MA Anthropology പാസ്സായ **പട്ടികവർഗ വിഭാഗത്തിൽപ്പെട്ടവരിൽ നിന്നും** വിവിധ ജില്ലകളിലെ **54** തസ്തികകളിലേക്ക് അപേക്ഷ ക്ഷണിക്കുന്നു.(തിരുവനന്തപുരം-3, കൊല്ലം-1, ആലപ്പുഴ-1, പത്തനംതിട്ട-1, ഇടുക്കി-7, കോട്ടയം-3, എറണാകുളം-2, തൃശ്ശൂർ-1, പാലക്കാട്-6, മലപ്പുറം-3, കോഴിക്കോട്-2, വയനാട്-15, കണ്ണൂർ-4, കാസർഗോഡ്-5).പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്കും അപേക്ഷിക്കാവുന്നതാണ്,മതിയായ എണ്ണം അപേക്ഷകൾ പട്ടികവർഗ വിഭാഗത്തിൽ നിന്നും ലഭിക്കാത്ത പക്ഷം മാത്രം പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരെ പരിഗണിക്കുന്നതാണ്.

വനത്തിനുള്ളിലെ കോളനികളിൽ യാത്ര ചെയ്യുന്നതിനും ,നിയമനം നൽകുന്ന ഏത് പ്രദേശത്തും സമയക്രമം അനുസരിച്ചും വകുപ്പിന്റെ ആവശ്യകത അനുസരിച്ചും ,കോളനികൾ സന്ദർശിക്കുവാൻ സന്നദ്ധതയുള്ളവർ മാത്രമേ ഈ നിയമനത്തിന് അപേക്ഷ നൽകേണ്ടതായുള്ളൂ.

പട്ടികവർഗ വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ കൂടിക്കാഴ്ച നടത്തി ആയതിന്റെ അടിസ്ഥാനത്തിലായിരിക്കും ഈ തസ്തികയിലേക്കുള്ള അന്തിമ റാങ്ക് പട്ടിക പ്രസിദ്ധീകരിക്കുന്നത്.അപേക്ഷാ ഫോറത്തിന് www.stdd.kerala.gov.in സന്ദർശിക്കുക.പൂരിപ്പിച്ച അപേക്ഷ, നിശ്ചിത വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന സ്വയം സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റുകളുടെ പകർപ്പ് സഹിതം ഉദ്യോഗാർത്ഥി 2023 ജൂലൈ 31-ാം തീയതിക്കകം അതാത് ജില്ലയിലെ പട്ടികവർഗ വികസന വകുപ്പിന്റെ കീഴിലുള്ള പ്രോജക്ട് ഓഫീസിൽ അല്ലെങ്കിൽ ട്രൈബൽ ഡെവലപ്മെന്റ് ഓഫീസിൽ നൽകേണ്ടതാണ്.

ഈ നിയമനം തികച്ചും കരാർ അടിസ്ഥാനത്തിൽ ഒരു വർത്തേക്ക് മാത്രം ആയിരിക്കും.പ്രതിമാസം 29,535/- രൂപ ഓണറേറിയമായി അനുവദിക്കുന്നതാണ്.തെരഞ്ഞെടുക്കപ്പെടുന്ന ഉദ്യോഗാർത്ഥികൾ ഒരു വർഷക്കാലം സ്ഥിരമായി ജോലി ചെയ്ത് കൊള്ളാമെന്ന കരാറിൽ ഏർപ്പെടേണ്ടതാണ്.

ഒപ്പ്/-

**ഡയറക്ടർ**

ആജ്ഞാനുസരണം

(എല്ലാ പി.ഒ/റ്റി.ഡി.ഒ മാർക്കും-ജില്ലാ ഇൻഫർമേഷൻ ഓഫീസുകൾ മുഖാന്തിരം പരസ്യം നൽകി അപേക്ഷകൾ ലഭ്യമാക്കുന്നതിന്) /
ബി സെക്ഷൻ-വിജ്ഞാപനം വകുപ്പ്
വെബ്സൈറ്റിലും പ്രമുഖ പത്രമാധ്യമങ്ങളിലും പ്രസിദ്ധീകരിക്കുന്നതിന്)

S. [signature]

**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**

# സോഷ്യൽ വർക്കർമാരുടെ കരാർ നിയമനത്തിനുള്ള
## അപേക്ഷാ ഫോറം

1. പേര് :

2. രക്ഷിതാവിന്റെ പേര് :

3. സ്ഥിരം മേൽ വിലാസം :

4. ജനന തീയതി/വയസ്സ് :

5. മതം/ജാതി :

6. വിദ്യഭ്യാസ യോഗ്യത :

7. മാതൃഭാഷ :

8. സോഷ്യൽ ആക്റ്റിവിസ്റ്റ്/ എസ്.റ്റി പ്രൊമോട്ടർ/ഹെൽത്ത് വർക്കർ/ സോഷ്യൽവർക്കർ എന്നീ നിലകളിൽ പ്രവർത്തി പരിചയം ഉണ്ടോ? ഉണ്ടെങ്കിൽ വിശദവിവരം :

9. നിയമനം ആവശ്യപ്പെടുന്ന ജില്ല. :

അപേക്ഷകന്റെ ഒപ്പ്

സ്ഥലം :
തീയതി :

NB: വിദ്യാഭ്യാസം, പ്രവർത്തി പരിചയം തെളിയിക്കുന്ന രേഖകൾ ഉള്ളടക്കം [illegible]